


www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വ്യാപാരകമ്മി ആറു മാസത്തെ ഉയർന്ന നിരക്കിൽ

ന്യൂദൽഹി: ഇന്ത്യയുടെ വ്യാപാരകമ്മി ജൂലൈയിൽ കഴിഞ്ഞ ആറു മാസത്തെ ഉയർന്ന നിരക്കിലെത്തി. വാണിജ്യ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം കഴിഞ്ഞ മാസം 3198 കോടി ഡോളറായി ഉയർന്നു.

പശ്ചിമേഷ്യൻ യുദ്ധം കാരണം ക്രൂഡ് ഓയിൽ ഇറക്കുമതിച്ചെലവും ആഗോള ചരക്കുകൂലിയും ഉയർന്നതിനെത്തുടർന്നാണ് ജൂലൈയിൽ ഇന്ത്യയുടെ ചരക്ക് വ്യാപാര കമ്മി പ്രതീക്ഷിച്ചതിലും വർധിച്ചത്. ജൂണിൽ ഇത് 3043 കോടി ഡോളർ ആയിരുന്നു.

വാണിജ്യ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം, ചരക്ക് കയറ്റുമതി ജൂലൈ മാസത്തിൽ എക്കാലത്തെയും ഉയർന്ന നിരക്കായ 4,424 കോടി (44.24 ബില്യൺ) ഡോളറിലെത്തി. 2022 ജൂലൈയിലെ ഏറ്റവും ഉയർന്ന നിരക്കായ 3,834 കോടി ഡോളറിനെയാണ് ഇത് മറികടന്നത്. ജൂണിൽ കയറ്റുമതി 4,041 കോടി ഡോളറായിരുന്നു. ക്രൂഡ് ഓയിൽ വിലക്കയറ്റവും ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെയും സ്വർണത്തിൻറെയും ഇറക്കുമതിയിലുണ്ടായ ഉയർച്ചയും കാരണം ജൂണിലെ 7,084 കോടി ഡോളറിൽനിന്ന് ജൂലൈയിൽ ഇറക്കുമതി 7,622 കോടി ഡോളറായി ഉയർന്നു.




ചിപ്പുകൾ ഉൾപ്പെടെയുള്ള ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെ ഇറക്കുമതി ജൂലൈയിൽ മുൻവർഷത്തെ അപേക്ഷിച്ച് 44 ശതമാനത്തിലധികം വർധിച്ച് 1,437 കോടി (14.37 ബില്യൺ) ഡോളറിലെത്തുകയും സ്വർണ ഇറക്കുമതി ഏകദേശം 5 ശതമാനം വർധിച്ച് 416 കോടി (4.16 ബില്യൺ) ഡോളറിലെത്തുകയും ചെയ്തു.ആഗോളതലത്തിൽ ഉയർന്ന ക്രൂഡ് ഓയിൽ വിലയെ പ്രതിഫലിപ്പിച്ചുകൊണ്ട്, ഓയിൽ ഇറക്കുമതി ജൂണിലെ 1,933 കോടി ഡോളറിനെ (19.33 ബില്യൺ) അപേക്ഷിച്ച് ജൂലൈയിൽ 1,831 കോടി (18.31 ബില്യൺ) ഡോളറിലെത്തി.

# ഇലക്ട്രിക് ടൂവീലർ വാങ്ങാൻ വീണ്ടും സബ്സിഡി

**ന്യൂദൽഹി:**പിഎം ഇഡ്രൈവ്'പദ്ധതിയിൽ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി കാലാവധി രണ്ട് വർഷം കൂടി നീട്ടി കേന്ദ്രസർക്കാർ. 2028 സാമ്പത്തിക വർഷം വരെ നീട്ടിയ പദ്ധതിയിൽ 1,000 കോടി രൂപയുടെ വർധനയും കേന്ദ്ര സർക്കാർ വരുത്തി. കഴിഞ്ഞ മാർച്ചിൽ അവസാനിച്ച പദ്ധതിയാണ് ഇന്നലെ മുതൽ വീണ്ടും നീട്ടിയത്. ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്ക് സബ്സിഡി ക്ലെയിം ചെയ്യാനുള്ള അവസാന തീയതി 2027 ഡിസംബർ 31 ആയിരിക്കും.കാലാവധി നീട്ടുന്നതിനൊപ്പം ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി വിഹിതം 1,772 കോടി രൂപയിൽ നിന്ന് 2,767 കോടി രൂപയായി ഉയർത്തി. സബ്സിഡിക്ക് അർഹതയുള്ള വാഹനങ്ങളുടെ എണ്ണം 24 ലക്ഷത്തിൽ നിന്ന് 45.7 ലക്ഷമായും ഉയർത്തിയിട്ടുണ്ട്. 1.5 ലക്ഷം രൂപ എക്സ് ഫാക്ടറി വിലയുള്ള വാഹനങ്ങൾക്കാണ് പദ്ധതി വഴി സബ്സിഡി ലഭിക്കുക. ഒരു കിലോവാട്ട് അവർ ശേഷിക്ക് 2500 രൂപയാണ് ലഭിക്കുക. ഇങ്ങനെ പരമാവധി 5000 രൂപ വരെ കിട്ടും. സബ്ഡിസി വാഹനത്തിന്റെ ആകെ വിലയുടെ 15 ശതമാനം കടക്കാൻ പാടില്ല. എല്ലാ വാഹനങ്ങൾക്കും 5000 രൂപ വീതം സബ്സിഡി ലഭിക്കണമെന്നില്ല. ചുരുക്കത്തിൽ വാഹനത്തിന്റെ ബാറ്ററി ശേഷിയും ഫാക്ടറി വിലയും അനുസരിച്ചായിരിക്കും സബ്സിഡി നിശ്ചയിക്കുന്നത്.



## ആകാശത്ത് ഓണം ഉണ്ണാം

# ഓണസദ്യ ഒരുക്കി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** ഈ ഓണക്കാലത്ത് കേരളത്തിൽ നിന്നും വിവിധ ഗൾഫ് രാജ്യങ്ങളിലേക്കും തിരിച്ചും യാത്ര ചെയ്യുന്നവർക്ക് ആകാശത്ത് വെച്ച് ഓണം ഉണ്ണാൻ അവസരം ഒരുക്കി എയർ ഇന്ത്യ എക്സ്പ്രസ്. ഓഗസ്റ്റ് 15 മുതൽ 31 വരെ യാത്ര ചെയ്യുന്നവർക്ക് യാത്രയ്ക്ക് 18 മണിക്കൂർ മുൻപ് വരെ എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും ഓണസദ്യ മുൻകൂർ ബുക്ക് ചെയ്യാം.

ഇതിൻറെ ഉദ്ഘാടനം ടൂറിസം വകുപ്പ് മന്ത്രി പി.സി വിഷ്ണുനാഥ് നിർവഹിച്ചു. എയർ ഇന്ത്യ ഗ്രൂപ്പ് മാർക്കറ്റിംഗ്, ഇകോമേഴ്സ്, ലോയൽറ്റി മേധാവി സുനിൽ സുരേഷും പങ്കെടുത്തു. ആകാശത്ത് ഓണസദ്യ ഒരുക്കുന്നത് കേരളത്തിൻറെ തനതാഘോഷമായ ഓണത്തെ ലോകമൊട്ടാകെ എത്തിക്കുന്നതിൽ വലിയ പങ്ക് വഹിക്കുമെന്ന് മന്ത്രി പറഞ്ഞു. വിമാനത്തിൽ ഓണസദ്യ ഒരുക്കിയ എയർ ഇന്ത്യ എക്സ്പ്രസിനെ മന്ത്രി പ്രത്യേകം അഭിനന്ദിച്ചു. കഴിഞ്ഞ വർഷവും ഇത്തരത്തിൽ എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളിൽ ഓണസദ്യ ഒരുക്കിയിരുന്നു.

ഓണത്തിന്റെ അനുഭൂതി തെല്ലും കുറയാതെ വാഴ ഇലയിൽ മട്ട അരി, നെയ് പരിപ്പ്, തോരൻ, എരിശ്ശേരി, അവിയൽ, കൂട്ടു കറി, സാമ്പാർ, ഇഞ്ചിപ്പുളി, മാങ്ങാ അച്ചാർ, ഏത്തക്ക ഉപ്പേരി, ശർക്കര വരട്ടി, പാലട പ്രഥമൻ തുടങ്ങിയവയാണ് എയർ ഇന്ത്യ എക്സ്പ്രസ് ആകാശത്ത് ഒരുക്കുന്ന ഓണ സദ്യയിലുള്ളത്. കസവ് കരയുടെ ഡിസൈനിൽ തയ്യാറാക്കിയ പ്രത്യേക പാക്കറ്റുകളിലാണ് ഓണ സദ്യ യാത്രക്കാരുടെ കയ്യിലെത്തുന്നത്. 500 രൂപ മാത്രമാണ് വില.

കേരളത്തിലെ നാല് വിമാനത്താവളങ്ങളിൽ നിന്നായി മാസം തോറും 2850 ഓളം വിമാന സർവീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്. ഇതിൽ 70% സർവീസുകളും അബുദാബി, ആൽ ഐൻ, ബഹ്റൈൻ, ദമാം, ദോഹ, ദുബായ്, ജിദ്ദ, കുവൈറ്റ്, മസ്കറ്റ്, റാസൽഖൈമ, റിയാദ്, സലാല, ഷാർജ തുടങ്ങി ഗൾഫ് മേഖലകളിലെ വിമാനത്താവളങ്ങളിലേക്കാണ്.

*This is an advertisement for information purpose and is not a prospectus announcement.*

ICL FINCORP LIMITED

SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD

CREDIT RATING CRISIL BBB-/ STABLE

ICL Join ICL, Grow with us

ICL Fincorp

UP TO DOUBLE RETURNS IN 72 MONTHS*

*Based on an Effective yield of 12.25% On Cumulative Basis Under Option X, 72 Months, Tds As Applicable.

ISSUE OPENS ON: AUGUST 10, 2026 (MONDAY) ISSUE CLOSES ON: AUGUST 21, 2026 (FRIDAY)*

**The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of directors or Finance and Management Committee of our Company, subject to relevant approvals (subject to a minimum period of two working days and a maximum period of 10 working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.*

Issue Structure: (For detailed Issue Structure refer Prospectus dated July 28, 2026)

| | |
|---|---|
| Face value : ₹ 1,000 each | Minimum application size : ₹ 10,000 (10 NCDs) & in multiples of 1 NCD thereafter |
| Tenure (months) : 13, 24, 36, 60 and 72 | |
| Schemes : 10 schemes with 10 ISINs | Payout options : Monthly, Annually & Cumulative |

*T&C Apply

THE ISSUE

PUBLIC ISSUE BY OUR COMPANY OF 10,00,000 SECURED, REDEEMABLE, NON-CONVERTIBLE DEBENTURES OF FACE VALUE OF ₹1,000 EACH, ("NCDS") AT PAR, FOR AN AMOUNT UP TO ₹5,00,000 THOUSAND ("BASE ISSUE SIZE") WITH AN OPTION TO RETAIN OVERSUBSCRIPTION OF UP TO ₹5,00,000 THOUSAND, AGGREGATING UP TO ₹10,00,000 THOUSAND, (HEREINAFTER REFERRED TO AS THE "ISSUE SIZE"). THE ISSUE IS BEING MADE PURSUANT TO THE PROVISIONS OF SECURITIES AND EXCHANGE BOARD OF INDIA (ISSUE AND LISTING OF NON-CONVERTIBLE SECURITIES) REGULATIONS, 2021, AS AMENDED, THE COMPANIES ACT, 2013 AND RULES MADE THEREUNDER TO THE EXTENT NOTIFIED AND THE SEBI MASTER CIRCULAR AS AMENDED FROM TIME TO TIME. THE ISSUE IS NOT PROPOSED TO BE UNDERWRITTEN.

| COUPON RATE: (MONTHLY OPTIONS) | OPTION IV | OPTION III | OPTION II | OPTION I |
|---|---|---|---|---|
| | 11.50*% PER ANNUM 60 MONTHS | 11.00*% PER ANNUM 36 MONTHS | 10.50*% PER ANNUM 24 MONTHS | 10.00*% PER ANNUM 13 MONTHS |

**Indicating coupon rates for monthly options only. Refer Prospectus dated July 28, 2026 to view effective yield for monthly, annually and cumulative options.*

To Know More: Visit Nearest ICL Fincorp Branch | To Download Application: Visit www.iclfincorp.com
For Enquiries: Call +91 85890 20137, +91 85890 20186

Capitalised terms not defined herein shall have the same meaning as assigned to such terms in the prospectus dated July 28, 2026 ("**Prospectus**").
**DISCLAIMER OF THE ISSUER:** ICL Fincorp Limited **("Company")**, subject to market conditions, and other considerations, is proposing a public issue of secured redeemable non-convertible debentures **("NCDs")** and has filed a prospectus dated July 28, 2026 **("Prospectus")** with the Registrar of Companies, Tamil Nadu at Chennai **("RoC")**, BSE Limited **("BSE")** and Securities and Exchange Board of India **("SEBI")**. The Prospectus is available on the website of the Company at www.iclfincorp.com, on the website of BSE at www.bseindia.com, on the website of the lead manager at www.vivro.net and on the website of SEBI at www.sebi.gov.in. Investors proposing to participate in the Issue should invest only on the basis of the information contained in the Prospectus. Investors should note that investment in the NCDs involves a high degree of risk and for details in relation to the same, refer to the Prospectus, including the section titled *"Risk Factors"* and *"Material Developments"* beginning on page 17 and 153 respectively of the Prospectus.
**LISTING:** The NCDs offered through the Prospectus are proposed to be listed on BSE Limited **("BSE" or the "Stock Exchange")** and BSE shall be the Designated Stock Exchange. Our Company has received an 'in-principle' approval from BSE vide their letter no. DCS/RM/PI-BOND/07/26-27 dated July 28, 2026
**GENERAL RISK:** Investment in non-convertible securities is risky, and investors should not invest any funds in such securities unless they can afford to take the risk attached to such investments. Investors are advised to take an informed decision and to read the risk factors carefully before investing in this offering. For taking an investment decision, the Investors must rely on their own examination of the Issuer and the Issue including the risks involved. Specific attention of the Investors is invited to the chapter titled "Risk Factors" on Page 17 of the Prospectus and "Material Developments" on page 153 of the Prospectus, before making an investment in this Issue. These risks are not, and are not intended to be, a complete list of all risks and considerations relevant to the non-convertible securities or investor's decision to purchase such securities. The Prospectus has not been and will not be approved by any regulatory authority in India, including the Securities and Exchange Board of India **("SEBI")**, the Reserve Bank of India **("RBI")**, any registrar of companies or any stock exchange in India nor do they guarantee the accuracy or adequacy of the Prospectus.
**DISCLAIMER CLAUSE OF BSE:**:It is to be distinctly understood that the permission given by BSE Limited should not in any way be deemed or construed that the Offer Document has been cleared or approved by BSE Limited nor does it certify the correctness or completeness of any of the contents of the Prospectus. The investors are advised to refer to the Draft Offer Document/Offer Document for the full text of the Disclaimer clause of the BSE Limited.
**DISCLAIMER CLAUSE OF USE OF BSE ELECTRONIC PLATFORM**: It is to be distinctly understood that the permission given by the BSE to use their network and software of the Online system should not in any way be deemed or construed as compliance with various statutory requirements approved by the Exchange; not does it in any manner warrant, certify or endorse the correctness or completeness of any of the compliance with the statutory and other requirements; nor does it take any responsibility for the financial or other soundness of this Company, its promoters, its management or any scheme or project of this Company
**DISCLAIMER CLAUSE OF INDUSTRY PROVIDER:** Crisil intelligence, a division of Crisil Limited, provides independent research, consulting, risk solutions, and data & analytics to its clients. Crisil Intelligence operates independently of Crisil's other divisions and subsidiaries, including, Crisil Ratings Limited. Crisil Intelligence's informed insights and opinions on the economy, industry, capital markets and companies drive impactful decisions for clients across diverse sectors and geographies. Crisil Intelligence's strong benchmarking capabilities, granular grasp of sectors, proprietary analytical frameworks and risk management solutions backed by deep understanding of technology integration, makes it the partner of choice for public & private organisations, multi-lateral agencies, investors and governments for over three decades. For the preparation of the report, Crisil Intelligence has relied on third party data and information obtained from sources which in its opinion are considered reliable. Any forward-looking statements contained in the report are based on certain assumptions, which in its opinion are true as on the date of the report and could fluctuate due to changes in factors underlying such assumptions or events that cannot be reasonably foreseen. The report does not consist of any investment advice and nothing contained in the report should be construed as a recommendation to invest/disinvest in any entity. The Industry Report is intended for use only within India. Provided that, the company shall be responsible for ensuring compliances and consequences of non-compliance for use of the report, material & issue documents or any part thereof outside India in relation to the issue.
**NAMES OF THE SIGNATORIES AT THE TIME OF SIGNING OF THE MEMORANDUM OF ASSOCIATION COMPANY AND THE NUMBER OF SHARES SUBSCRIBED FOR BY THEM AT THE TIME OF SIGNING THE MEMORANDUM OF ASSOCIATION:** Given are the names of the signatories of the Memorandum of Association of the Company and the number of equity shares subscribed of face value of ₹10/- each by them at the time of signing of Memorandum of Association: J. Amarchand Kothari (10 equity shares allotted), A Badal Kanwar (10 equity shares allotted), K. Ashok Bohra (10 equity shares allotted), Subash Chand Jain (10 equity shares allotted), Mahaveer Chand Kothari (10 equity shares allotted), K. Ashok Kumar Jain (10 equity shares allotted) and Narendra Kumar Jain (10 equity shares allotted) at the time of incorporation of the Company aggregating to 70 Equity Shares of face value of ₹10/- each.
**DISCLAIMER CLAUSE OF CRISIL:** Crisil Ratings Limited (Crisil Ratings) has taken due care and caution in preparing the material based on the information provided by its client and / or obtained by Crisil Ratings from sources which it considers reliable (Information). A rating by Crisil Ratings reflects its current opinion on the likelihood of timely payment of the obligations under the rated instrument and does not constitute an audit of the rated entity by Crisil Ratings. Crisil Ratings does not guarantee the completeness or accuracy of the information on which the rating is based. A rating by Crisil Ratings is not a recommendation to buy, sell, or hold the rated instrument; it does not comment on the market price or suitability for a particular investor. The rating is not a recommendation to invest / disinvest in any entity covered in the material and no part of the material should be construed as an Expert advice or investment advice or any form of investment banking within the meaning of any law or regulation. Crisil Ratings especially states that it has no liability whatsoever to the subscribers / users / transmitters/ distributors of the material. Without limiting the generality of the foregoing, nothing in the material is to be construed as Crisil Ratings providing or intending to provide any services in jurisdictions where Crisil Ratings does not have the necessary permission and/or registration to carry out its business activities in this regard. ICL Fincorp limited will be responsible for ensuring compliances and consequences of non-compliances for use of the material or part there of outside India. Current rating status and Crisil Ratings' rating criteria are available without charge to the public on the website, www.crisilratings.com. For the latest rating information on any instrument of any company rated by Crisil Ratings, please contact customer service helpdesk at 1800-2673850.
**DISCLAIMER CLAUSE OF RBI:** The company is having a valid certificate of registration dated June 9, 2016 under section 45 IA of the Reserve Bank of India Act, 1934. A copy of the Prospectus has not been filed with or submitted to the Reserve Bank of India ("RBI"). It is distinctly understood that the Prospectus should not in anyway be deemed or construed to be approved or vetted by RBI. RBI does not accept any responsibility or guarantee about the present position as to the financial soundness of the issuer or for the correctness of any of the statements or representations made or opinions expressed by the issuer and for discharge of liability by the issuer. RBI neither accepts any responsibility nor guarantee for the payment of any amount due to any investor in respect of the proposed NCDs.

*(please scan this QR code to view the Prospectus)*

**Reg. Office:** Plot No. C308, Door No. 66/40, 4th Avenue, Ashok Nagar, Chennai– 600 083, Tamil Nadu, India.
**Corp. Office:** ICL Fincorp Limited, Main Road, Irinjalakuda, Thrissur–680121, Kerala, India.
Branches: Kerala | Tamil Nadu | Andhra Pradesh | Telangana | Karnataka | Maharashtra | Odisha | Gujarat | West Bengal | Goa | Delhi | Rajasthan | Bihar iclfincorp

സൊസൈറ്റി ടുഡേ
SOCIETY TODAY

## എം.ജി സർവകലാശാല

### സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസിലെ 2026-27 അക്കാദമിക വർഷത്തെ B.P.E.S., B.P.Ed. പ്രോഗ്രാമുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. യോഗ്യരായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ, ഫീസ് അടച്ച രസീത്, സ്പോർട്സ് കിറ്റ് എന്നിവയുമായി ഓഗസ്റ്റ് 14ന് രാവിലെ 6:30ന് പഠനവകുപ്പിൽ നേരിട്ട് എത്തേണ്ടതാണ്. ഫോൺ 04812733377 വെബ്സൈറ്റ് svpess.mgu.ac.in

### അപേക്ഷിക്കാം

ഏഴ് എട്ട് സെമസ്റ്റർ ബിആർക് (2016-2018 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് സെപ്റ്റംബർ 9 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി സെപ്റ്റംബർ 10 വരെയും സൂപ്പർ ഫൈനോടുകൂടി സെപ്റ്റംബർ 11 വരെയും അപേക്ഷ സ്വീകരിക്കും.

എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ എൽഎൽബി, ബിബിഎ എൽഎൽബി, ബികോം എൽഎൽബി (ഓണേഴ്സ്) (2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി , ബിബിഎ എൽഎൽബി ബികോം എൽഎൽബി (ഓണേഴ്സ്) 2017 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് സെപ്റ്റംബർ 2 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി സെപ്റ്റംബർ 5 വരെയും സൂപ്പർ ഫൈനോടുകൂടി സെപ്റ്റംബർ 8 വരെയും അപേക്ഷ സ്വീകരിക്കും.

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എംഎ മ്യൂസിക് വോക്കൽ (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 17 മുതൽ തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ എംഎ അറബിക് പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 20192023 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 29 വരെ ഓൺലൈനായി അപേക്ഷിക്കാം.

# മുണ്ടക്കൈച്ചൂരൽമല ദുരിതബാധിതർക്ക് 2 ലക്ഷം രൂപ വീതം നൽകും : മുഖ്യമന്ത്രി

**തിരുവനന്തപുരം:** വയനാട് ജില്ലയിലെ മുണ്ടക്കൈച്ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പുന:രധിവാസ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇതിനായി അഞ്ച് കോടിയിലധികം രൂപയുടെ അധിക ഫണ്ട് അനുവദിക്കും.

കണ്ണൂരിൽ രക്ഷാപ്രവർത്തനത്തിനിടെ മരിച്ച തിരുവനന്തപുരം സ്വദേശി ആർ. രാജേഷിന്റെ കുടുംബത്തെ സർക്കാർ സംരക്ഷിക്കും. കുടുംബത്തിന് പുതിയ വീട് നിർമിച്ച് നൽകും. നഷ്ടപരിഹാരവും കുടുംബത്തിലെ ഒരാൾക്ക് ജോലിയും നൽകുന്നതിൽ ഉചിതമായ തീരുമാനം എടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് നിന്ന് എക്സ്പോർട്ട്-ഇംപോർട്ട് (EXIM) ചരക്ക് നീക്കം ആഗസ്റ്റ് 18ന് ആരംഭിക്കും. ഇതുവരെ തുറമുഖത്ത് ട്രാൻസ്ഷിപ്പ്മെന്റ് പ്രവർത്തനമാണ് പ്രധാനമായും നടന്നിരുന്നത്. വിഴിഞ്ഞം തുറമുഖത്തെ, ദേശീയപാത 66മായി ബന്ധിപ്പിക്കുന്ന താത്കാലിക റോഡിന്റെ നിർമാണവും പൂർ ത്തിയായി. വിഴിഞ്ഞം തുറമുഖത്തെ അദാനി ഗ്രൂപ്പിന്റെ ഓഹരി കൈമാറ്റ അപേക്ഷ പരിശോധിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സുരക്ഷാ അനുമതി ലഭിച്ച ശേഷവും സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ പരിഗണിച്ചു മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുകയുള്ളൂ.

ലോക്സഭ പാസാക്കിയ മൈൻസ് ആൻഡ് മിനറൽസ് ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻസ് ഭേദഗതി ബില്ലിനെതിരെ സംസ്ഥാനത്തിന്റെ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കും. ഭൂമിയുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ അധികാരത്തിൽ കടന്നുകയറുന്നതും ഫെഡറൽ സംവിധാനത്തിന് വിരുദ്ധവുമാണ്. തീരദേശവും വനവും ഉൾപ്പെടെയുള്ള മേഖലകളിൽ കേന്ദ്ര നിയന്ത്രണം വർധിപ്പിക്കുന്ന നീക്കത്തെയും സംസ്ഥാനം എതിർക്കും.



# മന്ത്രിമാരുടെ സംയുക്തസംഘം ആറളം ഫാം സന്ദർശിക്കും

**തിരുവനന്തപുരം:** വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് മന്ത്രിമാരുടെ സംയുക്തസംഘം ആറളം ഫാം സന്ദർശിക്കും. വനംവന്യജീവി വകുപ്പ് മന്ത്രി ഷിബു ബേബിജോൺ, വൈദ്യുതിപരിസ്ഥിതി വകുപ്പ് മന്ത്രിയും സ്ഥലം എംഎൽഎയുമായ അഡ്വ. സണ്ണി ജോസഫ്, എസ്.സി/എസ്.ടി, പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ എ തുളസി, പൊതുമരാമത്ത് വകുപ്പ് മന്ത്രി പി കെ ബഷീർ എന്നിവരാണ് ആറളം ഫാം സന്ദർശിക്കുന്നത്. സെക്രട്ടറിയേറ്റിൽ വനം വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ മന്ത്രിതല യോഗത്തിലാണ് തീരുമാനം. ആറളം ഫാമിൽ ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ നടക്കുന്ന ആനമതിൽ നിർമ്മാണം ഡിസംബറോടെ പൂർത്തിയാക്കാനും മേൽനോട്ട ചുമതല പൊതുമരാമത്ത് വകുപ്പ് ബിൽഡിങ് വിഭാഗം വിലയിരുത്താനും യോഗം നിർദ്ദേശം നൽകി. ആനമതിൽ നിർമ്മാണം സാധ്യമല്ലാത്ത പ്രദേശങ്ങളിൽ ശക്തമായ മറ്റു പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തും. അടിക്കാട് വെട്ടുന്നതിന്റെയും വിസ്ത ക്ലിയറൻസിന്റെയും പുരോഗതി യോഗം വിലയിരുത്തി. ആറളം ഫാമിലെ പുനരധിവാസം പ്രദേശവാസികളുടെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തിയാക്കും. ആറളം ഫാമിന് ചുറ്റും പ്രതിരോധ സംവിധാനങ്ങൾ തീർക്കുമ്പോൾ മറ്റ് ജനവാസ മേഖലകളിലേക്ക് ആനകൾ ഇറങ്ങാതിരിക്കാനുള്ള മാർഗങ്ങളും യോഗം വിലയിരുത്തി.യോഗത്തിൽ മന്ത്രിമാരായ ഷിബു ബേബിജോൺ, അഡ്വ. സണ്ണി ജോസഫ്, കെഎ തുളസി എന്നിവരും വനം, പരിസ്ഥിതി, റവന്യൂ, പൊതുമരാമത്ത്, എസ്.സി/എസ്.ടി വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു.




# സുരക്ഷിതമായ തൊഴിലിടം ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം: മന്ത്രി ബിന്ദു കൃഷ്ണ

**തിരുവനന്തപുരം:** സുരക്ഷിതമായ തൊഴിലിടം ഓരോ തൊഴിലാളിയുടെയും മൗലിക അവകാശമാണെന്നും തൊഴിലാളികളുടെ സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു. സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന അപകടരഹിത തൊഴിലിടം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കൊച്ചുവേളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

തൊഴിലിടങ്ങളിലെ അപകടങ്ങൾ ഒഴിവാക്കുന്നത് ഉത്പാദനം തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകാനും ചെലവ് കുറച്ച് ഗുണനിലവാരം ഉറപ്പാക്കാനും സഹായിക്കും. അപകടമുണ്ടാകുമ്പോൾ മാത്രം സുരക്ഷയെക്കുറിച്ച് ജാഗ്രത പുലർത്തുന്ന രീതി മാറ്റി സ്ഥിരമായ സുരക്ഷാ ജാഗ്രത ഉറപ്പാക്കണം. സംരംഭകർക്ക് ധൈര്യമായി നിക്ഷേപിക്കാനും തൊഴിലാളികൾക്ക് ഭയമില്ലാതെ ജോലി ചെയ്യാനുമുള്ള സാഹചര്യമൊരുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് തൊഴിലുടമതൊഴിലാളി സൗഹൃദ അന്തരീക്ഷം ഉറപ്പാക്കും. തൊഴിലാളികളുടെ സംതൃപ്തിയും സുരക്ഷയും ഉറപ്പാകുമ്പോഴാണ് സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾക്കും യഥാർഥ അഭിവൃദ്ധിയുണ്ടാകുന്നത്. ഓണക്കാലത്ത് വ്യാപാര സ്ഥാപനങ്ങളിലെ തിരക്ക് വർധിക്കുന്ന സാഹചര്യത്തിൽ തൊഴിലാളികളെ നിയമവിരുദ്ധമായി അമിതനേരം ജോലി ചെയ്യിപ്പിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ തൊഴിൽ വകുപ്പ് കർശന നിരീക്ഷണം നടത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. പുതിയ വ്യവസായങ്ങളെ സ്വാഗതം ചെയ്യുന്ന സർക്കാർ അനുമതി നടപടികൾ ലളിതമാക്കിയിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ എല്ലാം ഒരു സ്ഥലത്തുനിന്ന് തന്നെ ലഭ്യമാക്കാനുള്ള സൗകര്യവും നടപ്പാക്കിയിട്ടുണ്ട്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്വമേധയാ അതിനായി രജിസ്റ്റർ ചെയ്യണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. അപകടരഹിത തൊഴിലിടം പദ്ധതി സംബന്ധിച്ച ലഘുലേഖ മന്ത്രി ബിന്ദു കൃഷ്ണ ചടങ്ങിൽ പ്രകാശനം ചെയ്തു. ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ ഇൻ ചാർജ് സൂരജ് കൃഷ്ണൻ, ജില്ലാ തൊഴിൽ കേന്ദ്രം മാനേജർ ദിനേഷ്, ഉദ്യോഗസ്ഥർ, വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# റിന്യുവബിൾ എനർജി എക്സ്പോ സെപ്റ്റംബർ 11 മുതൽ 13 വരെ കൊച്ചിയിൽ

**തിരുവനന്തപുരം:** പുനരുപയോഗ ഊർജമേഖലയുമായി ബന്ധപ്പെട്ട മൂന്നു ദിവസത്തെ 'റിന്യുവബിൾ എനർജി എക്സ്പോ' സെപ്റ്റംബർ 11 മുതൽ 13 വരെ കൊച്ചിയിൽ നടക്കുമെന്ന് വൈദ്യുതി ബോർഡ് സിഎംഡി എം.ജി രാജമാണിക്യം. എക്സ്പോയുടെ ലോഗോ പ്രകാശനം ചെയ്തു. ഇന്ത്യയിലെ പു:നരുപയോഗ ഊർജമേഖലയിലെ സ്ഥാപനങ്ങളെ സംസ്ഥാനത്തേയ്ക്ക് കൂടുതൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കോൺഫെഡറേഷൻ ഓഫ് റിന്യുവബിൾ എനർജി (കോർ) ആണ് എക്സ്പോ സംഘടിപ്പിക്കുന്നത്.

കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടത്തുന്ന എക്സ്പോയിൽ സംസ്ഥാനത്തെയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെയും പുനരുപയോഗ ഊർജ കമ്പനികൾ, പ്രമുഖ ദേശീയഅന്തർദേശിയ ബ്രാൻഡുകൾ, നിർമാതാക്കൾ, ടെക്നോളജി ഇന്നവേറ്റർമാർ, സർക്കാർ സ്ഥാപനങ്ങൾ, നയരൂപീകരണ രംഗത്തെ പ്രമുഖർ, ധനകാര്യ സ്ഥാപനങ്ങൾ, അക്കാദമിക് സ്ഥാപനങ്ങൾ, നിക്ഷേപകർ, പ്രഫഷണലുകൾ, സംരംഭകർ, ഉപഭോക്താക്കൾ തുടങ്ങിയവരുടെ പങ്കാളിത്തമാണ് പ്രതീക്ഷിക്കുന്നത്. സെപ്റ്റംബർ 12ന് എക്സ്പോയുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി സതീശൻ നിർവഹിക്കും. 11ന് എക്സിബിഷൻ സ്റ്റാൾ വൈദ്യുതി മന്ത്രി സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യും.

പിഎം സൂര്യഘർ പദ്ധതിയുടെ കേരളത്തിലെ ആദ്യ നോഡൽ ഓഫിസറും കോറിന്റെയും റിന്യു എക്സ്പോയുടെയും പേട്രണുമായ നൗഷാദ് ഷറഫുദ്ദീൻ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. കോൺഫഡറേഷൻ ഓഫ് റിന്യുവബിൾ എനർജി (കോർ) പ്രസിഡന്റ് മുഹമ്മദ് ഫയാസ് സലാം, സെക്രട്ടറി റോയി ക്രിസ്റ്റി, എനർജി കോൺക്ലേവ് കൺവീനർ മധു പത്തനിപ്പാടം, എക്സ്പോ കമ്മിറ്റി ചെയർമാൻ അൽ നിഷാൻ ഷാഹുൽ തുടങ്ങിയവർ പ്രസംഗിച്ചു.

ക്ലീൻ എനർജി ഉപയോഗം പ്രോത്സാഹിപ്പിക്കുക, സാങ്കേതിക നവീകരണത്തിന് പിന്തുണ നൽകുക, വ്യവസായ വളർച്ച ശക്തിപ്പെടുത്തുക, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക, കേരളത്തിന്റെ പുനരുപയോഗ ഊർജസുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക എന്നിവയാണ് കോറിന്റെ പ്രധാന ലക്ഷ്യങ്ങളെന്നു ഭാരവാഹികൾ പറഞ്ഞു. പരിപാടിയുടെ ഭാഗമായി ഭാവിയിലെ ഊർജ മേഖലയെക്കുറിച്ച് ചർച്ച ചെയ്യാനായി പ്രത്യേക കോൺക്ലേവുകളും ഇതിന്റെ ഭാഗമായി നടക്കും. എക്സിബിഷനോട് അനുബന്ധിച്ച് 50 ലക്ഷം രൂപയുടെ സോളാർ ഉപകരണങ്ങളാണ് ഭാഗ്യശാലികൾക്ക് സമ്മാനമായി നൽകുക

# ഓട്ടിസം ബാധിതർക്ക് പിന്തുണ ഉറപ്പാക്കണം: കെ മുരളീധരൻ

**തിരുവനന്തപുരം:** ഓട്ടിസം ബാധിതരുടെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും പിന്തുണ ഉറപ്പാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ മുരളീധരൻ. ഓട്ടിസം ബാധിച്ച ഓരോ വ്യക്തിക്കും അന്തസ്സോടെ ജീവിക്കാനും സമൂഹത്തിൽ പൂർണമായി ഇടപെടാനും അവരുടെ കഴിവുകൾ പരമാവധി വികസിപ്പിക്കാനും കഴിയുന്ന സാഹചര്യമുണ്ടാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെയും യൂണിസെഫിന്റേയും സഹകരണത്തോടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലെ ഡോ. എം.കെ.സി. നായർ ഓഡിറ്റോറിയത്തിൽ 'ഓട്ടിസത്തിലെ ജീവിതചക്ര സമീപനം' എന്ന പ്രമേയത്തിൽ ആരംഭിച്ച ദ്വിദിന ദേശീയ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന അവസ്ഥയാണ്. ആശയവിനിമയം, സാമൂഹിക ഇടപെടൽ, പെരുമാറ്റം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, സമൂഹത്തിലെ പങ്കാളിത്തം തുടങ്ങിയ വിവിധ മേഖലകളെ ഇത് ബാധിക്കുന്നുണ്ട്. ഓട്ടിസം നേരത്തേ തിരിച്ചറിയുന്നതിലും ഇടപെടലുകളിലും കഴിഞ്ഞ വർഷങ്ങളിൽ വലിയ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും കൗമാരപ്രായത്തിലും വാർദ്ധക്യത്തിലും ദീർഘകാല പിന്തുണ ലഭിക്കുന്നതിൽ കുട്ടികളും കുടുംബങ്ങളും ഇപ്പോഴും പ്രയാസങ്ങൾ നേരിടുന്നുണ്ട്. ആയതിനാൽ ശിശുകേന്ദ്രീകൃത പരിചരണത്തിനപ്പുറം ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും സേവനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്ന സമീപനം സ്വീകരിക്കേണ്ടതുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

മെഡിക്കൽ, വിദ്യാഭ്യാസ, തൊഴിൽ, മാനസിക മേഖലകളിലെ ശാസ്ത്രീയ തെളിവുകൾ പങ്കിടുക, സേവന വിതരണത്തിലെ വിടവുകൾ കണ്ടെത്തുക, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക ക്ഷേമം എന്നിവ സംയോജിപ്പിക്കുന്ന നയങ്ങൾ ശക്തിപ്പെടുത്തുക എന്നിവയ്ക്കാണ് ഊന്നൽ നൽകുന്നത്. ഇക്കാര്യത്തിൽ സർക്കാർ, മെഡിക്കൽ വിദ്യാഭ്യാസ മേഖല, സ്വകാര്യ പങ്കാളികൾ എന്നിവക്കിടയിലെ സഹകരണം പ്രോത്സാഹിപ്പിക്കുമെന്നും സുസ്ഥിരമായ മാർഗരേഖ അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.

സി.ഡി.സി ഡയറക്ടർ ഡോ. ദീപ ഭാസ്കരൻ, യൂണിസെഫ് ഇന്ത്യ ഹെൽത്ത് സ്പെഷ്യലിസ്റ്റ് ഡോ. അന്നപൂർണ കൗൾ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ.വി. വിശ്വനാഥൻ, തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ജു രവീന്ദ്രൻ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് മുൻ വൈസ് ചാൻസലറും സി.ഡി.സി സ്ഥാപക ഡയറക്ടറുമായ ഡോ. എം.കെ.സി. നായർ, എസ്.എ.ടി ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം മേധാവി ഡോ. ഷാനവാസ് എ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ഓട്ടിസം ബാധിതരായ വ്യക്തികൾക്ക് ശൈശവം, കൗമാരം, യൗവനം, പ്രായാധിക്യം തുടങ്ങി ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും തുടർച്ചയായും വ്യക്തികേന്ദ്രീകൃതമായും പിന്തുണ ഉറപ്പാക്കുന്നതിനായി സംയോജിതവും വിവിധ മേഖലകളെ ഏകോപിപ്പിച്ചുള്ളതുമായ ഒരു ചട്ടക്കൂട് രൂപപ്പെടുത്തുകയാണ് കോൺക്ലേവിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ വിദഗ്ധർ സെഷനുകൾക്ക് നേതൃത്വം നൽകുന്നുണ്ട്. രാജ്യത്തെ പ്രമുഖ ടെക്നീഷ്യന്മാർ, ഗവേഷകർ, ഉദ്യോഗസ്ഥർ, അധ്യാപകർ, തെറാപ്പിസ്റ്റുകൾ, നയരൂപീകരണ വിദഗ്ധർ, യൂണിസെഫ് പ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നുണ്ട്. ശാസ്ത്രീയ സെഷനുകൾക്കും ഉന്നതതല പാനൽ ചർച്ചകൾക്കും ദേശീയ കോൺക്ലേവ് വേദിയാകും.

# ജോളി സിൽക്സിൽ ഓണം ഓഫറുകൾ ഓഗസ്റ്റ് 30 വരെ; ഞായറാഴ്ചകളിലും തുറന്ന് പ്രവർത്തിക്കും

**കോട്ടയം:** ഓണാഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ വൈവിധ്യമാർന്ന ഓഫറുകൾ പ്രഖ്യാപിച്ച് പ്രമുഖ ടെക്സ്റ്റൈൽ കേന്ദ്രമായ ജോളി സിൽക്സ്. ജോളി സിൽക്സിന്റെ ഷോറൂമിൽ നിന്ന് 2000 രൂപയ്ക്ക് മുകളിൽ പർച്ചേസ് ചെയ്യുന്നവർക്ക് എൽഇഡി ടിവി, ഫ്രിഡ്ജ്, വാഷിങ് മെഷീൻ, സ്മാർട്ട് ഫോണുകൾ, ഗിഫ്റ്റ് വൗച്ചറുകൾ എന്നിവ സമ്മാനമായി ലഭിക്കും. ആഴ്ചതോറും നറുക്കെടുപ്പിലൂടെ തിരെഞ്ഞെടുക്കുന്നവർക്കാണ് സമ്മാനങ്ങൾ ലഭിക്കുക. പരമ്പരാഗത കാഞ്ചീപുരം, ബനാറസ് വിവാഹ പട്ടുകളുടെ അതിവിപുല കലക്ഷനുകൾക്കു പുറമേ നിത്യോപയോഗ സാരികൾ, ട്രെൻഡി ചുരിദാർ മെറ്റീരിയലുകൾ, ഗൗൺ ലാച്ച, ടീനേജ് വെയറുകൾ, പുരുഷന്മാർക്കായി ആധുനികവും പാരമ്പരാഗതവുമായ ഡിസൈനുകൾ, കുട്ടികളുടെ ഫാഷൻ വസ്ത്രങ്ങൾ എന്നിങ്ങനെ അതിവിപുലമായ വസ്ത്ര ശേഖരമാണ് ഉപഭോക്താക്കൾക്കായി ജോളി സിൽക്സ് ഒരുക്കിയിട്ടുള്ളത്. കസ്റ്റമേഴ്സിന്റെ സുഗമമായ പർച്ചേസിന് ഷോറൂമുകൾ ഞായറാഴ്ചകളിലും തുറന്ന് പ്രവർത്തിക്കുമെന്ന് ജോളി സിൽക്സ് അധികൃതർ അറിയിച്ചു. ഓഫറുകൾ ഓഗസ്റ്റ് 30 വരെ ലഭിക്കും.



# അത്തം ഘോഷയാത്ര: തൃപ്പൂണിത്തുറയിൽ 16ന് ഗതാഗത നിയന്ത്രണം



കോട്ടയം ഭാഗത്തു നിന്നു വരുന്ന വലിയ വാഹനങ്ങൾ മുളന്തുരുത്തി, ചോറ്റാനിക്കര, തിരുവാങ്കുളം, സീപോർട്ട് എയർപോർട്ട് റോഡ് വഴി എറണാകുളം ഭാഗത്തേക്കും വൈക്കം ഭാഗത്തു നിന്നു വരുന്ന വലിയ വാഹനങ്ങൾ വലത്തേക്കു തിരിഞ്ഞു മുളന്തുരുത്തി – തിരുവാങ്കുളം റോഡിലൂടെ എറണാകുളത്തേക്കു പോകണം. കോട്ടയം, വൈക്കം, മുളന്തുരുത്തി ഭാഗങ്ങളിൽ നിന്ന് എറണാകുളത്തേക്കു വരുന്ന സർവീസ് ബസുകളും ചെറു വാഹനങ്ങളും കണ്ണൻകുളങ്ങര ജംക്ഷനിൽ എത്തി മിനി ബൈപാസ് വഴി പോകണം. കോട്ടയം, വൈക്കം, മുളന്തുരുത്തി ഭാഗങ്ങളിൽ നിന്നും കാക്കനാട്, അമ്പലമേട്, തിരുവാങ്കുളം ഭാഗങ്ങളിലേക്ക് പോകേണ്ട വാഹനങ്ങൾ നടക്കാവ് ജംക്ഷനിൽ എത്തി വലത്തോട്ട് തിരിഞ്ഞ് മുളന്തുരുത്തി ചോറ്റാനിക്കര വഴി പോകണം.

എറണാകുളം, വൈറ്റില ഭാഗങ്ങളിൽ നിന്നു വൈക്കം, മുളന്തുരുത്തി, കോട്ടയം ഭാഗങ്ങളിലേക്ക് പോകേണ്ട ചെറുവാഹനങ്ങളും സർവീസ് ബസുകളും പേട്ട ജംക്ഷനിൽ എത്തി വലത്തോട്ട് തിരിഞ്ഞ് മിനി ബൈപാസ് കണ്ണൻകുളങ്ങര വഴി പോകണം. വൈറ്റില, കുണ്ടന്നൂർ ഭാഗങ്ങളിൽ നിന്ന് അമ്പലമേട്, ചോറ്റാനിക്കര, മൂവാറ്റുപുഴ ഭാഗങ്ങളിലേക്ക് പോകേണ്ട എല്ലാ വാഹനങ്ങളും പേട്ട ജംക്ഷനിൽ എത്തി ഇരുമ്പനം ജംക്ഷൻ വഴി പോകണം. വെണ്ണല, എരൂർ ഭാഗങ്ങളിൽ നിന്നു കോട്ടയം, അമ്പലമേട്, മൂവാറ്റുപുഴ ഭാഗങ്ങളിലേക്ക് പോകേണ്ട വാഹനങ്ങൾ എരൂർ ലേബർ ജംക്ഷനിൽ നിന്നും കിഴക്കോട്ട് തിരിഞ്ഞ് ട്രാക്കോ കേബിൾ ജംക്ഷനിൽ എത്തി സീപോർട്ട് എയർപോർട്ട് റോഡ് വഴി ഇരുമ്പനം ജംക്ഷനിൽ എത്തി പോകണം. മൂവാറ്റുപുഴ, തിരുവാങ്കുളം, അമ്പലമേട് ഭാഗങ്ങളിൽ നിന്നും എറണാകുളം, ആലപ്പുഴ ഭാഗങ്ങളിലേക്ക് പോകേണ്ട ചെറു വാഹനങ്ങളും സർവീസ് ബസുകളും കരിങ്ങാച്ചിറ ഇരുമ്പനം ജംക്ഷനിൽ എത്തി എസ്എൻ ജംക്ഷൻ – പേട്ട വഴി പോകണം. വലിയ വാഹനങ്ങൾ കാക്കനാട്, പാലാരിവട്ടം വഴി പോകണം.

ടിപ്പർ ലോറി, ടാങ്കർ ലോറി, കണ്ടെയ്നർ ലോറി തുടങ്ങിയ വാഹനങ്ങൾക്ക് തൃപ്പൂണിത്തുറ നഗരത്തിലേക്കു പ്രവേശനം ഉണ്ടായിരിക്കില്ല. പുതിയകാവ് ഭാഗത്തു നിന്നും, മാർക്കറ്റ് റോഡു വഴി തൃപ്പൂണിത്തുറ മാർക്കറ്റ് റോഡ് ജംക്ഷനിലേക്കു പ്രവേശനം ഉണ്ടായിരിക്കില്ല. ഘോഷയാത്ര വരുന്ന ബോയ്സ് സ്കൂൾ ഗ്രൗണ്ട് തൃപ്പൂണിത്തുറ ബസ് സ്റ്റാൻഡ് – സ്റ്റാച്യു കിഴക്കേക്കോട്ട, എസ്എൻ ജംക്ഷൻ, വടക്കേക്കോട്ട, ശ്രീപൂർണത്രയീശ ക്ഷേത്രം എന്നിവിടങ്ങളിൽ പാർക്കിങ് അനുവദിക്കില്ല. എറണാകുളം ആലുവ ഭാഗങ്ങളിൽ നിന്നു വരുന്ന യാത്രക്കാർ അന്നേ ദിവസം യാത്രയ്ക്കായി മെട്രോ സൗകര്യം കൂടുതലായി പ്രയോജനപ്പെടുത്തുക. കണ്ണൻകുളങ്ങര മുതൽ മിനി ബൈപാസ് , പേട്ട വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും പാർക്കിങ് അനുവദിക്കില്ല.

പുതിയകാവ് ഭാഗങ്ങളിൽ നിന്നു വരുന്ന സർവീസ് ബസുകൾ ബസ് സ്റ്റാൻഡിൽ കയറാതെ ഹോസ്പിറ്റൽ ജംക്ഷൻ – മിനി ബൈപാസ് വഴി പോകണം. നടക്കാവ് ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ പുതിയകാവ് ക്ഷേത്ര ഗ്രൗണ്ടിലും മരട്, പേട്ട എന്നിവിടങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ ശ്രീനാരായണ വിദ്യാപീഠം, വെങ്കിടേശ്വര ഹൈസ്കൂൾ എന്നിവിടങ്ങളിലും പാർക്ക് ചെയ്യണം.



# വെനസ്വേലയിലെ രണ്ട് വമ്പൻ എണ്ണപ്പാടങ്ങളുടെ നടത്തിപ്പ് ഒഎൻജിസി ഏറ്റെടുത്തേക്കും

**ന്യൂദൽഹി:** വെനസ്വേലയിലെ രണ്ട് പ്രധാന എണ്ണപ്പാടങ്ങളുടെ നടത്തിപ്പ് ചുമതല ഇന്ത്യയിലെ പ്രമുഖ ഊർജ്ജ പര്യവേക്ഷണ കമ്പനിയായ ഒഎൻജിസി ഏറ്റെടുത്തേക്കുമെന്ന് റിപ്പോർട്ട്. തെക്കേ അമേരിക്കൻ രാജ്യമായ വെനസ്വേലയിലെ പുതിയ പെട്രോളിയം നിയമപ്രകാരം ആണ് ഒഎൻജിസിക്ക് എണ്ണപ്പാടം ഏറ്റെടുക്കാനുള്ള കരാറിൽ ഒപ്പുവെയ്ക്കാൻ കഴിയുന്നത്.

ഇങ്ങിനെ ഏറ്റെടുത്താൽ കൂടുതൽ ആനുകൂല്യങ്ങളും വെനസ്വേല വാഗ്ദാനം ചെയ്യുന്നുണ്ട്. വെനസ്വേലൻ എണ്ണക്കമ്പനിയായ പിഡിവിഎസ്എയിൽ നിന്നാണ് പ്രൊജക്റ്റുകളുടെ നടത്തിപ്പ് ഒഎൻജിസി ഏറ്റെടുക്കുക. ഇതോടെ ഉൽപ്പാദനം കൂട്ടാനും സാമ്പത്തിക നേട്ടം വർധിപ്പിക്കാനും ഇന്ത്യക്ക് സാധിക്കും. സമാനമായ ഭൂപ്രകൃതിയുള്ള എണ്ണപ്പാടങ്ങളിൽ പ്രവർത്തിച്ചുള്ള മികച്ച വൈദഗ്ധ്യവും ഒഎൻജിസിക്ക് ഉണ്ട്. വെനസ്വേലയിലെ എണ്ണപ്പാടത്ത് നിന്നും എണ്ണ കുഴിച്ചെടുക്കാൻ പ്രത്യേകം വൈദഗ്ധ്യം വേണം. ഇത് ഒഎൻജിക്കുണ്ട്.

നിലവിൽ ക്രിസ്റ്റോബൽ എണ്ണപ്പാടത്തിൽ 40 ശതമാനവും കാരബോബോ1 പദ്ധതിയിൽ 18 ശതമാനവും ഓഹരി പങ്കാളിത്തം ഒഎൻജിസി വിദേശിനുണ്ട്. ഒഎൻജിസിയുടെ വിദേശ നിക്ഷേപ വിഭാഗമാണ് ഒഎൻജിസി വിദേശ്. അമേരിക്കൻ ഉപരോധങ്ങൾ കാരണം മുൻപ് പരിമിതപ്പെടുത്തിയിരുന്ന പ്രവർത്തനങ്ങൾ പുതിയ മാറ്റത്തോടെ സജീവമാക്കാൻ ഒഎൻജിസിക്ക് കഴിയും.

അതുപോലെ റഷ്യയിലെ സാഖലിൻ1 ഓയിൽ ആൻഡ് ഗ്യാസ് പ്രൊജക്റ്റിലെ 20% ഓഹരികൾ ഒഎൻജിസി തിരികെ വാങ്ങി. ഇതും ഇന്ത്യയ്ക്ക് വൻ സാമ്പത്തിക നേട്ടമുണ്ടാക്കും. പാശ്ചാത്യ ഉപരോധങ്ങൾക്കിടയിലും റഷ്യൻ വ്യവസ്ഥകൾ പാലിച്ച് തങ്ങളുടെ നിക്ഷേപം സംരക്ഷിക്കാൻ ഒഎൻജിസി വിദേശിന് കഴിഞ്ഞു.

# മികച്ച കർഷകരെ ആദരിക്കും

**തൃശൂർ:** കോർപറേഷന്റെയും കാർഷിക വികസന ക്ഷേമ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ കർഷകദിനാഘോഷവും, മികച്ച കർഷകർക്കുള്ള അവാർഡ് വിതരണവും 17നു രാവിലെ പത്തിന് ടൗൺ ഹാളിൽ നടക്കും.

മന്ത്രി അഡ്വ. ഒ.ജെ. ജനീഷ് ഉദ്ഘാടനം ചെയ്യും. കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചവരെ ചടങ്ങിൽ ആദരിക്കും.

സി.കെ. രാധ മികച്ച കർഷക തൊഴിലാളി, ദാമോദരൻ ജൈവകർഷകൻ, കെ.ജെ. പോൾസൺ കേരകർഷകൻ, കെ.എസ്. രേഷ്മ കൂൺ കർഷക, ഖൈറുനീസ ആരിഫ് മട്ടുപ്പാവ് കർഷക, ടി.പി. റാഫേൽ മുതിർന്ന കർഷകൻ, ഒ.ടി. റോയ് നെൽകർഷകൻ, കെ. അരവിന്ദാക്ഷൻ മേനോൻ പച്ചക്കറി കർഷകൻ, റോജൻ പി. അലക്സ് സമ്മിശ്ര കർഷകൻ, കെ.എസ്. ഭരതൻ സംയോജിത കർഷകൻ, കെ.എസ്. രഘു എസ്സി കർഷകൻ, തെരേസ ജോസ് വനിതാ കർഷക, പി.സി. ധീരജ് യുവകർഷകൻ, എ.എ. വർഗീസ് വാഴകർഷകൻ, ഡാരിയോ ജോസഫ് വിദ്യാർഥി കർഷകൻ എന്നിവർ അവാർഡുകൾ ഏറ്റുവാങ്ങും.

മികച്ച കൃഷി സൗഹൃദ സ്കൂളായി ഒല്ലൂർ വൈലോപ്പിള്ളി ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിനെയും ചടങ്ങിൽ ആദരിക്കും.

# ദുരിതബാധിതർക്ക് കൈത്താങ്ങായി കെയർ എൻ സേഫ്

**റാന്നി:** വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിച്ച റാന്നിയിലെയും സമീപ പഞ്ചായത്തുകളിലെയും നിർധന കുടുംബങ്ങൾക്ക് കൈത്താങ്ങായി കെയർ എൻ സേഫ് വീണ്ടും റാന്നിയിലെത്തി. കെയർ എൻ സേഫ്, വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യുഎംസി), കെഎൽ 62 വാട്സ്ആപ്പ് കൂട്ടായ്മ എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് ദുരിതാശ്വാസ സഹായക്കിറ്റുകൾ വിതരണം ചെയ്തത്.

ഉതിമൂട്-വലിയകലുങ്ക് ഗ്രീൻവാലി ഹോട്ടലിൽ നടന്ന ചടങ്ങിൽ പഴകുളം മധു എംഎൽഎ ഫ്ളാഗ് ഓഫ് ചെയ്ത് സഹായ വിതരണത്തിന് തുടക്കം കുറിച്ചു. റാന്നി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശശികല രാജശേഖരൻ അധ്യക്ഷത വഹിച്ചു.

പഴവങ്ങാടി പഞ്ചായത്ത് പ്രസിഡൻറ് പ്രമോദ് മന്ദമരുതി, അങ്ങാടി പഞ്ചായത്ത് പ്രസിഡൻറ് സുരേഷ് കുമാർ, മുൻ റാന്നി പഞ്ചായത്ത് പ്രസിഡൻറ് കെ.ആർ. പ്രകാശ്, കെയർ എൻ സേഫ് കോഓർഡിനേറ്റർ ഡോ. റോണി ഗിൽബർട്ട്, പ്രസാദ് കുഴിക്കാല, രജിത ജസ്റ്റിൻ, വാർഡ് മെംബർ ദിലീപ് ഉതിമൂട്, മന്ദിരം രവീന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

തൃശൂരിൽനിന്നെത്തിയ കെയർ എൻ സേഫ് പ്രവർത്തകർ, ഡബ്ല്യുഎംസി ഭാരവാഹികൾ, സാമൂഹ്യസാംസ്കാരിക പ്രവർത്തകർ, റൂട്രോണിക്സ് സ്ഥാപനത്തിലെ കുട്ടികൾ, കെഎൽ 62 കൂട്ടായ്മയിലെ സന്നദ്ധപ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പെരുനാട്, വടശേരിക്കര, പഴവങ്ങാടി, റാന്നി, അങ്ങാടി, ചെറുകോൽ, അയിരൂർ, കോഴഞ്ചേരി, മല്ലപ്പുഴശേരി, ആറന്മുള, തോട്ടപ്പുഴശേരി, കോട്ടങ്ങൽ പഞ്ചായത്തുകളിൽ സഹായക്കിറ്റുകൾ വിതരണം ചെയ്തു. എല്ലാ പഞ്ചായത്തുകളിലും സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ കിറ്റുകൾ വീടുകളിലെത്തിക്കുകയും വിതരണം പൂർത്തിയാക്കുകയും ചെയ്തു.

# ഓണം കളറാക്കാൻ കുടുംബശ്രീയുടെ ചെണ്ടുമല്ലിത്തോട്ടം തയാർ

**ഒറ്റപ്പാലം:** ഓണം കളറാക്കാൻ കുടുംബശ്രീയുടെ ചെണ്ടുമല്ലിത്തോട്ടം തയാർ. ഇരുപത്തി ആറാംവാർഡിലെ കുടുംബശ്രീ അംഗങ്ങൾ തുടക്കംകുറച്ച ചെണ്ടുമല്ലികൃഷിയാണ് വിളവെടുപ്പിന് തയാറായത്.

കുടുംബശ്രീ അംഗങ്ങളായ ഷെരീഫ, പ്രസീത, സരിത, സ്മിത എന്നിവരുടെ നേതൃത്വത്തിലാണ് രണ്ടരയേക്കർ ഭൂമിയിൽ ഓണവിപണി ലക്ഷ്യമിട്ടു ചെണ്ടുമല്ലികൃഷി ചെയ്തത്.

മീറ്റ്ന പടശേഖരത്തിൽ തുടങ്ങിയ ചെണ്ടുമല്ലി പൂ കൃഷി വിളവെടുപ്പിന് പാകമായി കഴിഞ്ഞു. പൂക്കൾ വാങ്ങുന്നതിനും ഫോട്ടോ ഷൂട്ടനുമായി നിരവധി പേരാണ് 19ാം മൈൽ ജൂബിലി മീറ്റ്ന റോഡിലുള്ള പാടശേഖരത്തിലേക്കെത്തുന്നത്. കൃഷിക്ക് എല്ലാവിധ പിന്തുണയുമായി വാർഡ് കൗൺസിലർമാരായ സായികിരൺ, എൻ.കെ. ജയരാജൻ, കുടുംബശ്രീ നേതൃത്വം, കൃഷിവകുപ്പ് എന്നിവർകൂടി കൈകോർത്തതോടെ കൃഷി തുടങ്ങാൻ ആത്മവിശ്വാസം ലഭിച്ചതായി അംഗങ്ങൾ പറയുന്നു.

# ബറോഡ ബിഎൻപി പരിബാസ് മ്യൂച്വൽ ഫണ്ടിന്റെ സി.ഇ.ഒആയി മധു നായർ നിയമിതനായി

**മുംബൈ:** ബറോഡ ബിഎൻപി പരിബാസ് എഎംസിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സിഇഒ)ആയി മധു നായരെ നിയമിച്ചു. അതിവേഗം വളരുന്ന ഇന്ത്യയിലെ മ്യൂചൽ ഫണ്ട് വ്യവസായത്തിൽ കരുത്തുറ്റ സാന്നിധ്യമായി മാറാൻ ലക്ഷ്യമിട്ടുള്ള കമ്പനിയുടെ സുപ്രധാന ചുവടുവെപ്പാണ് ഈ നിയമനം.

ഇന്ത്യയിലെ മ്യൂചൽ ഫണ്ട് വ്യവസായത്തിന്റെ ശരാശരി കൈകാര്യം ചെയ്യുന്ന ആസ്തി 2026 ജൂലൈ അവസാനത്തോടെ 86.33 ലക്ഷം കോടി രൂപ കവിഞ്ഞിരിക്കുന്നു. കൂടാതെ, ബറോഡ ബിഎൻപി പരിബാസ് അസറ്റ് മാനേജ്മെന്റിന്റെ മൊത്തം ശരാശരി ആസ്തി 2026 ജൂലൈ 31 ലെ കണക്കുപ്രകാരം 57,000 കോടി രൂപ പിന്നിട്ടു. ഈ നിർണായക ഘട്ടത്തിലാണ് നേതൃമാറ്റം. ഈ വളർച്ചയിൽ പങ്കാളിയാകുക മാത്രമല്ല, അതിനെ നയിക്കുകയുമാണ് സ്ഥാപനം ലക്ഷ്യമിടുന്നത്.

ബാങ്ക് ഓഫ് ബറോഡയിൽ നിന്ന് ഡെപ്യൂട്ടേഷനിൽ എത്തി, നിർണായക വളർച്ചാ ഘട്ടത്തിലൂടെ സ്ഥാപനത്തെ വിജയകരമായി നയിച്ച മാനേജിങ് ഡയറക്ടറും സിഇഒയുമായ സഞ്ജയ് കുമാർ ഗ്രോവറിന് പകരമാണ് മധു നായർ ചുമതലയേൽക്കുന്നത്.

## മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ ഭാഗവും സ്വർണ്ണ വായ്പാ ബിസിനസിൽ ശ്രദ്ധകേന്ദ്രീകരിച്ച് വൈവിധ്യമാർന്ന സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതുമായ പ്രമുഖ ബാങ്കിതര ധനകാര്യ സ്ഥാപനവുമായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്കായി സെബിക്ക് ഡിആർഎച്ച്പി സമർപ്പിച്ചു.

3,000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരി വിൽപനയിലൂടെ ലഭിക്കുന്ന തുക പ്രധാനമായും ഡിജിറ്റൽ പ്ലാറ്റ്ഫോമും വൈവിധ്യമാർന്ന വായ്പാ പോർട്ട്ഫോളിയോയും ഉൾപ്പെടെയുള്ള ബിസിനസിന്റെ വളർച്ചയ്ക്കായുള്ള മൂലധന ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് ലക്ഷ്യമിടുന്നത്.

കോട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## രുചിവൈവിധ്യങ്ങളും സൺസെറ്റ് ക്രൂയിസുമായി ഓണമാഘോഷിക്കാൻ കൊച്ചി താജ് മലബാർ

**കൊച്ചി:** ഓണത്തെ വരവേൽക്കാൻ കൊച്ചിയിലെ താജ് മലബാർ റിസോർട്ട് ആൻഡ് സ്പായിൽ വിപുലമായ തയ്യാറെടുപ്പുകൾ. 95 വർഷത്തെ പാരമ്പര്യമുള്ള ഈ റിസോർട്ട്, കേരളത്തിന്റെ തനത് രുചികളും പൈതൃകവും ആഘോഷങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രത്യേക ഓണം പാക്കേജുകളാണ് അതിഥികൾക്കായി ഒരുക്കിയിരിക്കുന്നത്.

റിസോർട്ടിലെ പ്രധാന റെസ്റ്റോറന്റുകളിൽ ഓണത്തോടനുബന്ധിച്ച് പ്രത്യേക വിരുന്നുകൾ ഒരുക്കിയിട്ടുണ്ട്. പെപ്പർ റെസ്റ്റോറന്റിൽ ഒരാൾക്ക് 3,250 രൂപ നിരക്കിൽ കേരളത്തിന്റെ തനത് ശൈലിയിലുള്ള പരമ്പരാഗത വെജിറ്റേറിയൻ ഓണസദ്യ ലഭ്യമാണ്. കൂടുതൽ വിഭവങ്ങൾ ആഗ്രഹിക്കുന്നവർക്കായി പ്രത്യേക നോൺവെജിറ്റേറിയൻ വിഭവങ്ങൾ ഉൾപ്പെടുത്തിയ പ്രീമിയം സദ്യ ഒരാൾക്ക് 4,000 രൂപ നിരക്കിലും ലഭിക്കും. സീഫുഡ് പ്രേമികൾക്കായി റിസോർട്ടിന്റെ പ്രത്യേക റെസ്റ്റോറന്റായ റൈസ് ബോട്ടിൽ 5,000 രൂപ നിരക്കിൽ സീഫുഡ് ഓണസദ്യയും തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിന്റെ തീരദേശ രുചികൾ പൂർണമായും ആസ്വദിക്കാൻ അവസരമൊരുക്കുന്നതാണ് ഈ പ്രത്യേക സദ്യ.

കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കായി പ്രത്യേകം തയ്യാറാക്കിയ പാക്കേജുകളും താജ് മലബാർ അവതരിപ്പിക്കുന്നുണ്ട്. കുറഞ്ഞത് 25 പേർ അടങ്ങുന്ന സംഘങ്ങൾക്ക് ഒരാൾക്ക് 2,000 രൂപ മുതൽ ആരംഭിക്കുന്ന നിരക്കിൽ ഈ സൗകര്യം പ്രയോജനപ്പെടുത്താം. പരമ്പരാഗത ഓണസദ്യയ്ക്ക് പുറമെ സൺസെറ്റ് ക്രൂയിസ്, പൈതൃകം വിളിച്ചോതുന്ന ഫോട്ടോ ബൂത്തുകൾ, പൂക്കൾ കൊണ്ടലങ്കരിച്ച ഊഞ്ഞാൽ, കായൽ പശ്ചാത്തലത്തിലുള്ള ചിത്രമെടുക്കൽ, പരമ്പരാഗത ഓണക്കളികൾ തുടങ്ങിയവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ പാക്കേജ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഓണസമ്മാനങ്ങൾ നൽകാൻ ആഗ്രഹിക്കുന്നവർക്കായി പ്രത്യേക ഓണം ഹാംപറുകളും റിസോർട്ട് ഒരുക്കിയിട്ടുണ്ട്. 2,500 രൂപ മുതലാണ് ഓണം ഹാംപറുകളുടെ വില ആരംഭിക്കുന്നത്. ഓണത്തിന്റെ സ്നേഹവും ഊഷ്മളതയും പങ്കുവെയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ട് വളരെ ശ്രദ്ധാപൂർവ്വമാണ് ഈ ഉത്സവകാല ഹാംപറുകൾ തയ്യാറാക്കിയിരിക്കുന്നത്.

ഓണ വിരുന്ന്, ഹാംപറുകൾ എന്നിവയുടെ ബുക്കിംഗിനും കൂടുതൽ വിവരങ്ങൾക്കുമായി 92490 99353 എന്ന നമ്പറിലും കോർപ്പറേറ്റ് പാക്കേജുകൾക്കായി 92490 99347 എന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണ്.




# ഉപഭോക്തൃ കേന്ദ്രീകൃത സേവനങ്ങൾ വിപുലമാക്കി മെഴ്സിഡസ് ബെൻസ്

**കൊച്ചി:** ഉപഭോക്താക്കൾക്ക് വാഹനം സ്വന്തമാക്കുന്നതും ഉപയോഗിക്കുന്നതും കൂടുതൽ മികച്ച അനുഭവമാക്കാനായി രാജ്യത്തെ പ്രമുഖ ആഡംബര കാർ നിർമ്മാതാക്കളായ മെഴ്സിഡസ് ബെൻസ് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു. വാഹനങ്ങളുടെ പരിപാലനച്ചെലവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉപഭോക്താക്കൾക്ക് കൂടുതൽ എളുപ്പമാക്കുക എന്നതാണ് ഈ പുതിയ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

ഇതിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ എ.ഐ അധിഷ്ഠിത ഓട്ടോമേറ്റഡ് വാഹന സ്കാനർ മുംബൈയിലെ ലാൻഡ്മാർക്ക് കാർസ് സർവീസ് സെന്ററിൽ കമ്പനി അവതരിപ്പിച്ചു. സർവീസിനായി വാഹനം കൊണ്ടുവരുമ്പോൾ തന്നെ അത് പൂർണ്ണമായും ഡിജിറ്റലായി സ്കാൻ ചെയ്യാൻ ഈ പുതിയ സാങ്കേതിക വിദ്യ സഹായിക്കും. ഇതിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ വേഗത്തിലും സുതാര്യമായും മികച്ച സേവനം ഉറപ്പാക്കാൻ സാധിക്കും. ഇതോടെ നഗരത്തിൽ മെഴ്സിഡസ് ബെൻസിന് ആകെ 14 ആഡംബര സർവീസ് സെന്ററുകളായി.

മെഴ്സിഡസ് ബെൻസ് ഇന്ത്യയുടെ 'ഗോ ടു കസ്റ്റമർ' പദ്ധതിയുടെ ഭാഗമായാണ് പുതിയ ലാൻഡ്മാർക്ക് കാർസ് സർവീസ് സെന്ററും എ.ഐ അധിഷ്ഠിത വാഹന സ്കാനറും ആരംഭിച്ചത്. സർവീസ് ശൃംഖലകളിൽ ഡിജിറ്റൽ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണിത്. ഉപഭോക്താക്കൾക്ക് യാതൊരു ബുദ്ധിമുട്ടുകളുമില്ലാതെ വാഹനം ഉപയോഗിക്കാൻ അവസരമൊരുക്കുക, അവരുടെ സമയം ലാഭിക്കുക, പുതിയ സാങ്കേതികവിദ്യകളിലൂടെ ഉപഭോക്താക്കളുടെ വിശ്വാസം നേടുക, മികച്ച സേവനങ്ങൾ നൽകുക, പൂർണ്ണ സുതാര്യത ഉറപ്പാക്കിക്കൊണ്ട് വാഹന പരിപാലനച്ചെലവ് കുറയ്ക്കുക എന്നിവയാണ് ഈ പുതിയ പദ്ധതിയിലൂടെ കമ്പനി പ്രധാനമായും ലക്ഷ്യമിടുന്നത്.

ഇവയ്ക്ക് പുറമേ എംബി ചാർജ് പബ്ലിക്, എംബിഎഫ്എസ് മൊബൈൽ ആപ്പ്, ഇന്ത്യയ്ക്കായി ഇവിടെത്തന്നെ വികസിപ്പിച്ച സ്കൈലൈൻ ഡീലർ മാനേജ്മെന്റ് സംവിധാനം, പ്രീമിയർ എക്സ്പ്രസ് പ്രൈം, ഫാസ്റ്റ് ലെയിൻ ബി ആൻഡ് പി, ഡോർസ്റ്റെപ്പ് മൊബൈൽ സർവീസ്, ഹൈ വോൾട്ടേജ് ബാറ്ററി റിപ്പോർട്ട്, കൊളിഷൻ കെയർ കണക്റ്റഡ് സപ്പോർട്ട്, ടെലി ഡയഗ്നോസ്റ്റിക്സും തത്സമയ ട്രാക്കിങ്ങും അടങ്ങിയ മൊബിലിറ്റി അസിസ്റ്റൻസ്, ഡ്രൈവർ പരിശീലന പദ്ധതി എന്നിവയും ബെൻസ് വാഗ്ദാനം ചെയ്യുന്നുണ്ട്.

ജർമ്മനി, ഇറ്റലി, കൊറിയ, നെതർലാൻഡ്സ്, സ്വിറ്റ്സർലാൻഡ്, തുർക്കി തുടങ്ങിയ അന്താരാഷ്ട്ര വിപണികളിൽ ഈ എ.ഐ. അധിഷ്ഠിത വാഹന സ്കാനർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആഡംബര വാഹന വിപണിയിൽ മുൻനിരയിലുള്ള മെഴ്സിഡസ് ബെൻസിന് ഇന്ത്യയിലുടനീളം 90ലധികം സർവീസ് സെന്ററുകളും 1,200ലധികം സർവീസ് ബേകളുമുണ്ട്. 4,200ലധികം ജീവനക്കാരുള്ള കമ്പനിക്ക്, ഓരോ മിനിറ്റിലും മൂന്ന് വാഹനങ്ങൾക്ക് വീതം സർവീസ് നൽകാനുള്ള മികച്ച ശേഷിയുമുണ്ട്.

2026 അവസാനത്തോടെ 'മാർക്ക് 20 എക്സ് ടച്ച് പോയിന്റ്' കേന്ദ്രങ്ങളുടെ എണ്ണം 20 ആയി വിപുലീകരിക്കാൻ മെഴ്സിഡസ് ബെൻസ് ലക്ഷ്യമിടുന്നു. കൂടാതെ, 2026ൽ കൂടുതൽ നഗരങ്ങളിലായി 20ലധികം ലോകോത്തര ആഡംബര കാർ ഷോറൂമുകൾ ആരംഭിക്കാനും പദ്ധതിയുണ്ട്. ഇതിനായി അടുത്ത രണ്ട് വർഷത്തിനിടെ കമ്പനിയുടെ ഫ്രാഞ്ചൈസി പങ്കാളികൾ 450 കോടി രൂപയിലധികം നിക്ഷേപിക്കും.

# ഇന്ത്യൻ ബാങ്ക് ആർഎഎം വിഭാഗങ്ങളിൽ 1,220 കോടിയുടെ വായ്പ വിതരണം ചെയ്തു

**മുംബൈ:** ഇന്ത്യൻ ബാങ്ക് റീട്ടെയിൽ, കാർഷിക, എംഎസ്എംഇ (ആർഎഎം) വിഭാഗങ്ങളിലായി 1,220 കോടിയുടെ വായ്പാ അനുമതിപത്രങ്ങൾ വിതരണം ചെയ്തു. ബാങ്കിന്റെ 120ാം സ്ഥാപകദിനാഘോഷങ്ങളുടെ ഭാഗമായി മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ മേഖലകളെ ഉൾപ്പെടുത്തി മുംബൈയിൽ സംഘടിപ്പിച്ച മെഗാ ഡിസ്ബേഴ്സ്മെന്റ് ആൻഡ് കസ്റ്റമർ ഔട്ട്റീച്ച് ക്യാമ്പിലാണ് വിതരണം.




ബാങ്ക് എംഡിയും സിഇഒയുമായ ബിനോദ് കുമാർ ക്യാമ്പ് ഉദ്ഘാടനം ചെയ്ത് ഗുണഭോക്താക്കൾക്ക് അനുമതിപത്രങ്ങൾ കൈമാറി. ആകെ വായ്പയിൽ എംഎസ്എംഇ വിഭാഗത്തിന് 615 കോടി രൂപയാണ് അനുവദിച്ചത്. സംരംഭകർക്കും എംഎസ്എംഇ മേഖലയിലെ വളർച്ചയ്ക്കും ബാങ്ക് നൽകുന്ന പ്രാധാന്യമാണ് ഇത് വ്യക്തമാക്കുന്നതെന്ന് ബാങ്ക് അറിയിച്ചു.

സ്ഥാപകദിനാഘോഷങ്ങളുടെ ഭാഗമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ബാങ്ക് സിഎസ്ആർ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. മുംബൈയിലെ വിക്ടോറിയ മെമ്മോറിയൽ സ്കൂൾ ഫോർ ദ ബ്ലൈൻഡിന് കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും അടിസ്ഥാന സൗകര്യ ഉപകരണങ്ങളും ബാങ്ക് സംഭാവന ചെയ്തു. കൊച്ചിയിൽ നടന്ന ചടങ്ങിൽ എക്സിക്യൂട്ടീവ് ഡയറക്ടർ മിനി ടി.എം., കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) കായിക പ്രവർത്തനങ്ങളുടെ വികസനത്തിന് സാമ്പത്തിക സഹായവും നൽകി.



# കേരളത്തിൽ 61,000 റൂഫ്ടോപ്പ് സോളാർ സംവിധാനങ്ങളുമായി സോളാറൂഫ്

**കൊച്ചി:** കേരളത്തിൽ 61,000ത്തിലധികം റൂഫ്ടോപ്പ് സോളാർ സംവിധാനങ്ങൾ വിജയകരമായി സ്ഥാപിച്ച് ടാറ്റാ പവർ കമ്പനി ലിമിറ്റഡിന്റെ ഉപകമ്പനിയായ ടാറ്റാ പവർ സോളാറൂഫ്. ഇതോടെ സംസ്ഥാനത്താകെ 273 മെഗാവാട്ട് പീക്കിലധികം റൂഫ്ടോപ്പ് സോളാർ ശേഷി കൈവരിക്കാൻ കമ്പനിക്ക് കഴിഞ്ഞു. 16 ചാനൽ പങ്കാളികളുടെ ശക്തമായ ശൃംഖലയിലൂടെയാണ് കമ്പനി ഈ നേട്ടം കൈവരിച്ചത്. കേന്ദ്ര സർക്കാരിന്റെ 'പിഎം സൂര്യഘർ: മുഫ്ത് ബിജ്‌ലി യോജന' പദ്ധതിയിലൂടെ ലഭിച്ച സാമ്പത്തിക ആനുകൂല്യങ്ങളും നയപരമായ പിന്തുണയുമാണ് കേരളത്തിൽ ഗാർഹിക സോളാർ ഉപയോഗം വേഗത്തിലാക്കിയത്. ക്രിസിൽ റിപ്പോർട്ട് പ്രകാരം 14 ശതമാനം വിപണി വിഹിതവുമായി ഇന്ത്യയിലെ ഒന്നാം നമ്പർ റൂഫ്ടോപ്പ് സോളാർ ദാതാവായി ടാറ്റാ പവർ സോളാറൂഫ് മാറിയിട്ടുണ്ട്.

തിരുനെൽവേലിയിലെ ടി.പി സോളാർ ലിമിറ്റഡിൽ നിർമിക്കുന്ന ഉയർന്ന ഗുണനിലവാരമുള്ള മോഡ്യൂളുകളാണ് കമ്പനി നൽകുന്നത്. ബി.ഐ.എസ്, ഐ.ഇ.സി ഉൾപ്പെടെയുള്ള അന്താരാഷ്ട്ര അംഗീകാരങ്ങളുള്ള ഈ സോളാർ മോഡ്യൂളുകൾക്ക് 25 വർഷത്തെ വാറന്റിയും, മറ്റ് ഉൽപന്നങ്ങൾക്ക് 5 വർഷത്തെ സമഗ്ര വാറന്റിയും ടാറ്റാ നൽകുന്നുണ്ട്. സോളാർ മേഖലയിൽ 37 വർഷത്തെ പരിചയസമ്പത്തുള്ള ടാറ്റാ പവർ സോളാറൂഫിന് രാജ്യത്തൊട്ടാകെ 275ലധികം സർവീസ് സെന്ററുകളുണ്ട്. സേവനങ്ങൾക്കും സംശയങ്ങൾക്കുമായി ഉപഭോക്താക്കൾക്ക് 1800 257 7777 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടാം.



# കർഷകർക്ക് എഐ അധിഷ്ഠിത കാലാവസ്ഥാ വിവരങ്ങളുമായി മോട്ടോറോള ആകാശവാണി

**ചണ്ഡിഗഢ്:** മോട്ടോറോളയുടെ 'ആകാശവാണി' പദ്ധതിയിലൂടെ ഹരിയാനയിലെ 17,000 കർഷകർക്ക് എഐ അധിഷ്ഠിത ഹൈപ്പർലോക്കൽ കാലാവസ്ഥാ വിവരങ്ങൾ ലഭ്യമാക്കി. പദ്ധതിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹരിയാന മുഖ്യമന്ത്രി നയാബ് സിങ് സെയ്നിക്ക് കൈമാറി.

കുരുക്ഷേത്ര, യമുനാനഗർ ജില്ലകളിലെ ഗ്രാമങ്ങളിൽ 35 ഓട്ടോമേറ്റഡ് വെതർ സ്റ്റേഷനുകളാണ് പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചത്. മഴ, താപനില, ഈർപ്പം, കാറ്റിന്റെ വേഗതയും ദിശയും, അന്തരീക്ഷമർദം തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് തത്സമയ കാലാവസ്ഥാ പ്രവചനങ്ങളും മുന്നറിയിപ്പുകളും കർഷകർക്കുള്ള നിർദേശങ്ങളും നൽകുന്നു. പദ്ധതിയിലൂടെ 87,000 ഗ്രാമീണ ജനങ്ങൾക്ക് പ്രയോജനം ലഭിക്കും.

കൃഷിയുമായി ബന്ധപ്പെട്ട വിത്തിടൽ, ജലസേചനം, വിളസംരക്ഷണം, വിളവെടുപ്പ് തുടങ്ങിയ തീരുമാനങ്ങളിൽ കാലാവസ്ഥാ വിവരങ്ങൾ പ്രയോജനപ്പെടുത്താനും പദ്ധതി സഹായിക്കുന്നു. മോട്ടോറോള, ടാർഖ് ഫൗണ്ടേഷൻ, ഐഐടി റോപർ, അന്നം.എഐ എന്നിവർ സംയുക്തമായാണ് പദ്ധതി നടപ്പാക്കിയത്. ഈ വർഷം പദ്ധതി ഉത്തർപ്രദേശിലെ ഗ്രാമങ്ങളിലേക്കും വ്യാപിപ്പിക്കുമെന്ന് മോട്ടോറോള അറിയിച്ചു.

# സാങ്സങ് ഇന്നൊവേഷൻ ക്യാമ്പസിന്റെ 2026 പതിപ്പിന് തുടക്കം

**കൊച്ചി:** ഇന്ത്യയിലെ യുവതലമുറയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ) രംഗത്ത് പ്രായോഗിക പരിശീലനം നൽകുന്നതിനായി സാംസങ് ഇന്ത്യ തങ്ങളുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയായ 'സാംസങ് ഇന്നൊവേഷൻ ക്യാമ്പസ്' 2026 പതിപ്പ് പ്രഖ്യാപിച്ചു. ഇലക്ട്രോണിക്സ് സെക്ടർ സ്കിൽസ് കൗൺസിൽ ഓഫ് ഇന്ത്യ, ടെലികോം സെക്ടർ സ്കിൽ കൗൺസിൽ എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ 10 സംസ്ഥാനങ്ങളിലായി 20,000 യുവാക്കൾക്കാണ് സൗജന്യ പരിശീലനം നൽകുന്നത്. സാങ്കേതിക വിദ്യയിലെ അത്യാധുനിക മാറ്റങ്ങൾക്ക് അനുസൃതമായി ഭാവിയുടെ തൊഴിൽസേനയെ സജ്ജമാക്കാനും ആഗോള എ.ഐ കേന്ദ്രമായി ഇന്ത്യയെ വളർത്താനുമാണ് ഇതിലൂടെ കമ്പനി ലക്ഷ്യമിടുന്നത്.

18നും 25നും ഇടയിൽ പ്രായമുള്ള യുവാക്കൾക്ക് പ്രായോഗിക എ.ഐ പരിശീലനം, പ്രോജക്ട് അടിസ്ഥാനമാക്കിയുള്ള പഠനം, വിദഗ്ധരുടെ മേൽനോട്ടം എന്നിവ ലഭ്യമാക്കുന്ന രീതിയിലാണ് ഈ പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാങ്കേതിക പഠനത്തിന് പുറമെ പ്രശ്നപരിഹാര ശേഷി, വിമർശനാത്മക ചിന്ത എന്നിവ വളർത്താനും ഇത് സഹായിക്കും. സാങ്സങ് ഇന്ത്യയിൽ 30 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ, അടുത്ത തലമുറ എ.ഐ പ്രതിഭകളിൽ നിക്ഷേപം നടത്തുന്നത് വഴി രാജ്യത്തിന്റെ വികസന യാത്രയിൽ പങ്കാളികളാകുന്നതിൽ അഭിമാനമുണ്ടെന്ന് സാംസങ് സൗത്ത് വെസ്റ്റ് ഏഷ്യ പ്രസിഡന്റും സി.ഇ.ഓയുമായ ജെബി പാർക്ക് വ്യക്തമാക്കി.

ഇതുവരെ 26,500ലധികം യുവാക്കൾക്ക് സാംസങ് ഇന്നൊവേഷൻ ക്യാമ്പസിലൂടെ പരിശീലനം നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബാച്ചിൽ 48 ശതമാനത്തോളം സ്ത്രീ പങ്കാളിത്തം ഉണ്ടായിരുന്നു എന്നത് ഈ പദ്ധതിയുടെ വൈവിധ്യത്തെയും വ്യാപകമായ സ്വീകാര്യതയെയും സൂചിപ്പിക്കുന്നു. 'സോൾവ് ഫോർ ടുമാറോ', 'സാംസങ് ദോസ്ത്' തുടങ്ങിയ മറ്റ് നൈപുണ്യ വികസന സംരംഭങ്ങൾക്കൊപ്പം, സാംസങ് ഇന്നൊവേഷൻ ക്യാമ്പസിലൂടെ രാജ്യത്തെ ഡിജിറ്റൽ മേഖലയ്ക്ക് പുതിയ കരുത്ത് പകരണമാണ് സാംസങ് ലക്ഷ്യമിടുന്നത്.

# ഡോ. കെ.യു. കുഞ്ഞിമൊയ്ദീൻ ബിർള ഫെർട്ടിലിറ്റി ഡയറക്ടർ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഐ.വി.എഫ് ശൃംഖലകളിലൊന്നായ ബിർള ഫെർട്ടിലിറ്റി ആൻഡ് ഐ.വി.എഫ് പ്രമുഖ ഫെർട്ടിലിറ്റി വിദഗ്ധനായ ഡോ. കെ.യു. കുഞ്ഞിമൊയ്ദീനെ പുതിയ മെഡിക്കൽ ഡയറക്ടറായി നിയമിച്ചു. രാജ്യത്താകമാനമുള്ള ക്ലിനിക്കൽ ഭരണസംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും 18 സംസ്ഥാനങ്ങളിലെ 51ലധികം കേന്ദ്രങ്ങളിലുടനീളം ഏകീകൃതവും ഉയർന്ന നിലവാരമുള്ളതുമായ ഫെർട്ടിലിറ്റി പരിചരണം ഉറപ്പാക്കുന്നതിനുമാണ് ഈ തന്ത്രപരമായ ചുവടുവെപ്പ്. നേരത്തെ റീജിയണൽ മെഡിക്കൽ ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ഡോ. കുഞ്ഞിമൊയ്ദീൻ ഇനി സ്ഥാപനത്തിന്റെ രാജ്യത്തുടനീളമുള്ള ക്ലിനിക്കൽ പ്രവർത്തനങ്ങൾ, ചികിത്സാ പ്രോട്ടോക്കോളുകൾ, ലബോറട്ടറി നിലവാരം എന്നിവയ്ക്ക് തന്ത്രപരമായ നേതൃത്വം നൽകും.

പ്രജനന വൈദ്യശാസ്ത്ര രംഗത്ത് 28 വർഷത്തിലേറെ പ്രവർത്തന പരിചയമുള്ള ഡോ. കുഞ്ഞിമൊയ്ദീൻ, ഇന്ത്യൻ സൊസൈറ്റി ഫോർ അസിസ്റ്റഡ് റീപ്രൊഡക്ഷൻ, കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി തുടങ്ങി നിരവധി ദേശീയസംസ്ഥാനതല സംഘടനകളിൽ പ്രമുഖ പദവികൾ വഹിച്ചിട്ടുണ്ട്.

രോഗി ഏത് കേന്ദ്രത്തിൽ ചികിത്സ തേടിയാലും ഒരേ നിലവാരത്തിലുള്ള മെഡിക്കൽ പരിചരണവും സുതാര്യതയും ഉറപ്പാക്കുകയാണ് ഈ പദവി ഉയർത്തലിലൂടെ ലക്ഷ്യമിടുന്നതെന്ന് ബിർള ഫെർട്ടിലിറ്റി ആൻഡ് ഐ.വി.എഫിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭിഷേക് അഗ്രവാൾ വ്യക്തമാക്കി.

അത്യാധുനിക ലബോറട്ടറികളും വിദഗ്ധ ഡോക്ടർമാരുടെ സേവനവുമുള്ള ബിർള ഫെർട്ടിലിറ്റി ശൃംഖലയിലുടനീളം ക്ലിനിക്കൽ മികവ് ഉറപ്പുവരുത്തുമെന്നു ഡോ. കുഞ്ഞിമൊയ്ദീൻ പറഞ്ഞു.